പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 93 01.12.2014 -ൽ മറുപടിയ്ക്ക്

## ബാർ ലൈസൻസിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് ഉണ്ടാകേണ്ടുന്ന നിലവാരം എന്താണെന്ന് ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നല്കുന്നതിന് നിലവാരം എന്തായിരിക്കണമെന്ന് വെളിപ്പെടുത്താമോ; നിലവിലുള്ള ബാർ നടത്തിപ്പ് സംബന്ധമായ നിയമവ്യവസ്ഥകൾ വിശദമാക്കാമോ; | (ബി) പുതിയ മദ്യനയം അനുസരിച്ച് 5 നക്ഷത്ര പദവിയോ അതിനു മുകളിലോ നിലവാരമുള്ള ഹോട്ടലുകൾക്ക് മാത്രമാണ് പുതുതായി ബാർ ലൈസൻസ് അനുവദിക്കുന്നത്. നിലവിലുള്ള ഹോട്ടലുകളിൽ 5 നക്ഷത്ര പദവിയില്ലാത്ത ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. |

എന്നാൽ ഇതിനെതിരെ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ തൽസ്ഥിതി തുടരുന്നു.

| | |
|---|---|
| (സി) സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ എല്ലാം പാലിച്ചു കൊണ്ടാണ് നിലവിൽ ബാറുകൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ? | (സി) അഞ്ച് നക്ഷത്ര പദവി ഇല്ലാത്ത ഹോട്ടലുകൾ പ്രവർത്തിപ്പിക്കേണ്ട എന്നുള്ളതാണ് സർക്കാർ നയം. എന്നാൽ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 നക്ഷത്ര പദവിയില്ലാത്ത ബാർ ഹോട്ടലുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ബാറുകൾ മറ്റു വ്യവസ്ഥകൾ പാലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ